**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2401** **12-10-2021 - ൽ മറുപടിയ്ക്ക്**

**ജി.എസ്.ടി. നഷ്ടപരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | **Shri K N Balagopal**<br>**(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ജി.എസ്.ടി. നഷ്ടപരിഹാരം അവസാനിക്കുന്ന സാഹചര്യത്തിൽ സംസ്ഥാനത്തെ സാമ്പത്തികസ്ഥിതി കൂടുതൽ മോശമാകാൻ സാധ്യതയുണ്ടോ; ഈ പ്രതിസന്ധി ഏതുരീതിയിൽ തരണം ചെയ്യാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (എ) | നിലവിൽ 2022 ജൂൺ വരെയാണ് ജി.എസ്.ടി നഷ്ടപരിഹാരം ലഭ്യമാകുന്നത്. രാജ്യമൊട്ടാകെ ജി.എസ്.ടി വരുമാനത്തിലുണ്ടായ വളർച്ചയ്ക്ക് ആനുപാതികമായ വളർച്ച ജി.എസ്.ടി വരുമാനത്തിൽ കേരളത്തിലും ഉണ്ടാകുന്നുണ്ട്. എന്നാൽ ജി.എസ്.ടി നഷ്ടപരിഹാര നിയമത്തിൽ പറഞ്ഞിരിക്കുന്നത് പ്രകാരമുള്ള 14% നികുതി വർദ്ധനവ് ഇതുവരെ പ്രാപ്യമായിട്ടില്ല. നികുതി പിരിവ് കൂടുതൽ കാര്യക്ഷമമാക്കുന്നതിലേക്ക് ഓഡിറ്റ് ഇൻവെസ്റ്റിഗേഷൻ, ഇന്റലിജൻസ് എന്നീ വിഭാഗങ്ങൾ മുഖേന ഓഡിറ്റ്, കട പരിശോധന, ടെസ്റ്റ് പർച്ചേസ്, റിട്ടേൺ സ്ക്രൂട്ടിനി മുതലായ നടപടികൾ ഊർജിതപ്പെടുത്താൻ തീരുമാനിച്ച് നടപ്പിലാക്കിവരുന്നു. 2021 സെപ്റ്റംബറിൽ കൂടിയ 45-ാമത് ജി.എസ്.ടി കൗൺസിൽ യോഗം, 2022 ജൂലൈക്കു ശേഷം ജി.എസ്.ടി നികുതി വരുമാനത്തിൽ വർദ്ധനവ് വരുത്തുന്നതിന് ആവശ്യമായ രീതിയിൽ ജി.എസ്.ടി നിയമം പുനഃസംഘടിപ്പിക്കുന്നതിന് വേണ്ട നിർദേശങ്ങൾ സമർപ്പിക്കുന്നതിനായി ഒരു GoM (Group of Ministers) രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ